ഗവൺമെന്റ് തയ്യാറാണ്. ഇപ്പോൾ മനുഷ്യാവകാശ കമ്മിഷന്റെ ഒരു ഇടക്കാല ഉത്തരവു വന്നു, അവിടെ നടത്താൻ തീരുമാനിച്ചിരുന്ന ചില നടപടികളൊക്കെ നിറുത്തിവച്ചിരിക്കുകയാണ്. അതു സംബന്ധിച്ചുള്ള പ്രശ്നം തീർന്നശേഷം നടപടികൾ എടുക്കും. മൊത്തമുള്ള കാര്യങ്ങളെക്കുറിച്ച് നിർദ്ദേശം തന്നാൽ ആ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ എന്ത് വേണമെന്ന് തീരുമാനിക്കും.

(2) കോഴിക്കോട് സർവകലാശാലയിലെ ചരിത്ര വിഭാഗത്തിൽനിന്ന് അമൂല്യങ്ങളായ ചരിത്രരേഖകളുംമറ്റും കാണാതായത് സംബന്ധിച്ച് ഉന്നതതല അന്വേഷണം നടത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. എൻ. എ. ഖാദർ: സർ, കോഴിക്കോട് സർവകലാശാലയുടെ ചരിത്ര പുരാവസ്തു വിഭാഗത്തിൽനിന്ന് വളരെയധികം വിലയേറിയ അമൂല്യമായ പല വസ്തുക്കളും അതുപോലെ കുറേ പുസ്തകങ്ങളും ചരിത്രഗ്രന്ഥങ്ങളും അടുത്ത കാലത്ത് നഷ്ടപ്പെടുകയുണ്ടായി. ഈ വിഷയത്തിലേക്ക് സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കാനാണ് ഞാൻ ഇവിടെ നിൽക്കുന്നത്. മുമ്പ് കോഴിക്കോട് സർവകലാശാലയുടെ വൈസ്ചാൻസലറായി പ്രവർത്തിച്ചിരുന്ന ശ്രീ. ടി. എൻ. ജയചന്ദ്രന്റെ കാലത്ത്, ശ്രീ. എം. ജി. എസ്. നാരായണൻ ചരിത്ര വിഭാഗത്തിന്റെ തലവനായിരുന്ന കാലത്താണ് അവിടെ നല്ലൊരു പുരാവസ്തു മ്യൂസിയം സ്ഥാപിച്ചത്. ആ മ്യൂസിയത്തിൽ ഉണ്ടായിരുന്ന പ്രധാനപ്പെട്ട സാധനങ്ങൾ പലതും ഇപ്പോൾ ചരിത്ര വിഭാഗത്തിൽ കാണാനില്ല. അവിടത്തെ ചരിത്ര വിഭാഗത്തിന്റെ തലവനും മറ്റു ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻമാരും ആ വസ്തു നിർമ്മിച്ച സാധനത്തിന്റെ വില പോലും അവയ്ക്ക് കൽപ്പിക്കുന്നില്ല എന്നുള്ളത് വളരെ വേദനാജനകമായിട്ടുള്ള സംഭവമാണ്. "വ്യാപാരമേ ഹനനമാം വനവേടനുണ്ടോ, വ്യാപന്നമായി കഴുകനെന്നും കരുതാതെന്നും," എന്നു കുമാരനാശാൻ പാടിയതുപോലെയാണ് ഇവിടുത്തെ ഉദ്യോഗസ്ഥൻമാരുടെ സ്വഭാവം. അവിടെ നഷ്ടപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട സാധനം ആഴുവഞ്ചേരി തമ്പുരാക്കൻമാരുടെ പല്ലക്കും മഞ്ചലുമാണ്. ആഴുവഞ്ചേരി മന മലപ്പുറം ജില്ലയിൽ ആതവനാട് എന്നുപറയുന്ന സ്ഥലത്താണ്. ഈ ആഴുവഞ്ചേരി തമ്പുരാക്കന്മാർ വളരെ പരമ്പരാഗതമായ പാരമ്പര്യമുള്ള സാമൂതിരി രാജാവ്, കൊച്ചി രാജാവ് തുടങ്ങിയ രാജാക്കൻമാർ സ്ഥാനാരോഹണം ചെയ്യുന്ന ദിവസം അവർക്ക് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുക്കാൻ വേണ്ടി ഈ മഞ്ചലിലൊക്കെയായിരുന്നു സാധാരണ പോയിരുന്നത്. അരയന്നത്തിന്റെ മാതൃകയിൽ ഈട്ടിത്തടിയിൽ (മഹാഗണിയിൽ) ഉണ്ടാക്കിയിട്ടുള്ള 350 വർഷം പഴക്കമുള്ള മനോഹരമായിട്ടുള്ള പല്ലക്കായിരുന്നു അത്. അതുപോലെ ശ്രീ. കരുണാകര മേനോൻ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്നുപറയുന്ന ഒരാൾക്ക് ഈസ്റ്റ് ഇൻഡ്യാകമ്പനി സമ്മാനമായി കൊടുത്ത ഒരു പല്ലക്ക്, കടത്തനാട്, കൊല്ലംകോട്, രാജാവംശക്കാരുടെ അപൂർവമായിട്ടുള്ള താളിയോലഗ്രന്ഥങ്ങൾ, ഗുപ്തരാജാക്കൻമാരുടെ കാലത്തെ നാണയങ്ങൾ, കോപ്പർ പ്ലേറ്റ്സ് എന്നുപറയുന്ന ചെമ്പു ലിഖിതങ്ങൾ, കലാരൂപങ്ങൾ, തമിഴ്ബ്രഹ്മി, വട്ടെഴുത്ത് അതുപോലെ വൈദ്യശാസ്ത്ര രേഖകൾ, നന്നങ്ങാടികൾ, നിലമ്പൂർ കോവിലകം, വയനാട്ടിലെ ആദിവാസി മൂപ്പൻമാരിൽ നിന്ന് കിട്ടിയ വിശിഷ്ടമായിട്ടുള്ള ആയുർവേദ ഗ്രന്ഥങ്ങളും താളിയോല ഗ്രന്ഥങ്ങളും അതുപോലെ നൂറു കണക്കിന് ചരിത്ര ഗ്രന്ഥങ്ങൾ ഇതൊക്കെ ഇപ്പോൾ അവിടെ കാണാനില്ല. ഈ ആഴുവഞ്ചേരി തമ്പുരാക്കന്മാരുടെ പല്ലക്ക് വാൾകൊണ്ട് മുറിച്ച് കഷ്ണങ്ങളാക്കി അതിന്റെ ഈട്ടിത്തടികളൊക്കെ ആട്ടോറിക്ഷയിൽ കയറ്റി അവിടത്തെ ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിലെ ഒരു സ്വീപ്പർ കൊണ്ടുപോയി, ഇങ്ങനെയുള്ള ആളുകളെ ചരിത്ര വിഭാഗത്തിന്റേയും പുരാവസ്തു സംരക്ഷണത്തിന്റേയും തലവൻമാരായി നിയമിച്ചാൽ എന്തായിരിക്കും സ്ഥിതി? ആ ചരിത്ര വിഭാഗത്തിൽ ഇരുന്നുകൊണ്ട് ഈ ഉദ്യോഗസ്ഥൻമാർ കേരള സംസ്ഥാനത്തോടും ഇൻഡ്യയോടും ചെയ്തിട്ടുള്ളത് എത്രമാത്രം വലിയ അപരാധമാണെന്ന് മനസ്സിലാക്കാനുള്ള ബോധമില്ലാത്തവരാണ്. ധാരാളം Antiques നഷ്ടപ്പെട്ടു. ഈട്ടിത്തടി പുറത്തുകൊണ്ടുപോയി മുറിച്ചിട്ട് ആട്ടോറിക്ഷയിൽ കയറ്റി അത് അവസാനം കൂറ്റിക്കാട്ടിൽ നിന്ന് കിട്ടി. —പത്രത്തിൽ വന്നപ്പോഴാണ്, ഇതിന്റെ കീ-കസ്റ്റോഡിയനെന്നു പറയുന്നത്, പുരാവസ്തു വകുപ്പിന്റെ തലവനായ ശ്രീ. ജോൺ ഓച്ചന്തുരുത്ത് എന്നുപറയുന്ന ആളാണ്. അദ്ദേഹത്തെ സംബന്ധിച്ച് പറഞ്ഞാൽ, അദ്ദേഹത്തിന്റെ മറ്റ് പേഴ്സണലായിട്ടുള്ള കാര്യങ്ങളൊന്നും ഞാൻ പറയുന്നില്ല. വളരെ careless ആയിട്ടുള്ള ഒരാളാണ്. അവരെല്ലാം കൂടി ഇവ നഷ്ടപ്പെടുത്തിയിരിക്കുകയാണ്. ഏതാണ്ട് ആയിരത്താളം ചരിത്രഗ്രന്ഥങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട് എന്നാണ് പറയുന്നത്. വളരെ വേദനാജനകമായിട്ടുള്ള കാര്യമാണ്. ഇതൊക്കെ ആ പുരാവസ്തു വകുപ്പിന്റെ കീഴിൽ ഒരു മ്യൂസിയമുണ്ടാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും മ്യൂസിയം ഒരിക്കലും വിദ്യാർത്ഥികൾക്ക് തുറന്നു കൊടുക്കാറില്ല. ഈ സാധനം കുറച്ചു മാസങ്ങൾക്കുമുമ്പ് അവിടെയുണ്ടായിരുന്നു. ചിതലുപിടിച്ച് പോയിട്ടൊന്നുമില്ല. കാരണം ഈ ആഴുവഞ്ചേരി തമ്പുരാക്കന്മാരുടെ വകയിൽപ്പെട്ട, വിദേശത്തു ജോലിചെയ്യുന്ന ഒരു ചെറുപ്പക്കാരൻ ആവശ്യപ്പെട്ടപ്പോൾ ഇത് പ്രത്യേകമായി, മ്യൂസിയം തുറന്ന് അതിന്റെ പൂർണ്ണമായ ഒരു പടമെടുത്ത് അയച്ചുകൊടുത്തിരുന്നു. ആ പടം എടുത്ത സന്ദർഭത്തിൽ ഇതിന് യാതൊരു കോട്ടവും സംഭവിച്ചിട്ടില്ലായിരുന്നു. അപ്പോൾ അതിനുശേഷമാണ് ഇത് നഷ്ടപ്പെട്ടത്. ഒരുപാട് നാണയങ്ങൾ വിദേശ രാജ്യങ്ങളിലേക്ക് കടത്തിക്കൊണ്ടുപോയി എന്നാണ് പറയുന്നത്. ഇതിനെ സംബന്ധിച്ച്

ചില അന്വേഷണങ്ങൾ ഒക്കെ നടത്തിയിട്ടുണ്ട്. അത് തൃപ്തികരമായ അന്വേഷണമല്ല. ഇവിടെ നമ്മുടെ സംസ്ഥാനത്ത് Kerala Ancient Monuments and Archaeological Sites and Remains Act 1968 ഉണ്ട്. 1968-ലെ, ഈ പുരാവസ്തു സംരക്ഷണ നിയമം വാസ്തവത്തിൽ, യൂണിവേഴ്സിറ്റിയിൽ ഉൾപ്പെടെ മറ്റ് സ്ഥലങ്ങളിൽ സ്ഥിതിചെയ്യുന്ന പുരാവസ്തുക്കളെ സംബന്ധിച്ച് വ്യക്തമായിട്ടുള്ള കാര്യങ്ങൾ പറയുന്നില്ല. അതുകൊണ്ട് ഈ ആക്ട് ഭേദഗതി ചെയ്യേണ്ടത്, ആവശ്യമാണെന്നാണ് എന്റെ വിനീതമായ അഭിപ്രായം. അതുകൊണ്ടുതന്നെ ഗവൺമെന്റ് അടിയന്തിരമായി ഈ കാര്യത്തിൽ ഇടപെട്ട് ഒരു സമിതിയെ വച്ച് അന്വേഷണം നടത്തി, സമിതിയോ അല്ലെങ്കിൽ ഗവൺമെന്റിന് അനുയോജ്യമെന്ന് തോന്നുന്ന ഒരു അന്വേഷണ കമ്മിഷനെ വച്ച് അന്വേഷിച്ച് കുറ്റവാളികളെ ശിക്ഷിക്കുകയും നഷ്ടം ഈടാക്കുകയും ചെയ്യാൻ ശക്തമായിട്ടുള്ള നടപടികൾ ഇവരുടെ പേരിൽ സ്വീകരിക്കണമെന്നാണ് പറയുന്നത്. വളരെ വേദനാജനകമായിട്ടുള്ള സംഭവമാണ് ഉണ്ടായത്. യൂണിവേഴ്സിറ്റിയിലെ പല വകുപ്പുകളുടേയും ചുമതല വഹിക്കുന്ന ആളുകൾ ഈ സഭാവത്തിലായാൽ— കോഴിക്കോട് സർവകലാശാല അല്ലെങ്കിലും കുപ്രസിദ്ധമാണ്. അവരുടെ കയ്യിലൊന്നും ഇത് ഏൽപ്പിക്കാൻ പാടില്ല. അത്ര അമൂല്യമായിട്ടുള്ള പുരാവസ്തുക്കളുടെ സംരക്ഷണം കേരളത്തിലെയും, ഇൻഡ്യയിലേയും ലോകത്തിലേയും മുഴുവൻ ജനങ്ങളുടേയും അവകാശമാണ്. പൊതുസ്വത്താണ്. അത് നഷ്ടപ്പെടുത്തിയതിനെതിരെ ശക്തമായി നടപടി സ്വീകരിക്കേണ്ട വിഷയത്തിലേക്ക് ബഹുമാനപ്പെട്ട മന്ത്രിയുടേയും സർക്കാരിന്റേയും ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ, കോഴിക്കോട് ചരിത്ര മ്യൂസിയത്തിൽ നിന്ന് പുരാതനവും വളരെ പ്രധാനപ്പെട്ടതുമായ ആഴുവഞ്ചേരി തമ്പുരാക്കന്മാരുടെ പല്ലക്ക് അടക്കമുള്ള പുരാവസ്തുക്കൾ നഷ്ടപ്പെട്ടത് സംബന്ധിച്ച് ഒരു വാർത്ത പത്രങ്ങളിൽ വന്നയുടനെതന്നെ യൂണിവേഴ്സിറ്റി അതിനെ സംബന്ധിച്ച് അന്വേഷിക്കാൻ വേണ്ടി ഒരു കമ്മിഷനെ നിയമിച്ചു. യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റ് മെമ്പർമാരായ ഡോ. യു. വി. കെ. മുഹമ്മദ്, സി. കെ. തോമസ് എന്നിവരടങ്ങുന്ന കമ്മിറ്റിയാണ് അതിനെക്കുറിച്ച് അന്വേഷിച്ചത്. ഫാദർ ഇവിടെ പറഞ്ഞതുപോലെ വളരെ ഗൗരവമുള്ള സംഗതിതന്നെയാണ് അത്. അന്വേഷണം നടത്തിയിട്ട് ഈ രണ്ടുപേരുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കാര്യമെന്നു പറയുന്നത് ഇതിലെ ചരിത്രവിഭാഗത്തിന്റെ തലവനെ നീക്കം ചെയ്യാനും സി. കെ. അജിത് എന്ന ജീവനക്കാരനെ സർവീസിൽ നിന്ന് പിരിച്ചുവിടാനുമാണ് കമ്മിറ്റി ശുപാർശ നൽകിയത്. മാത്രമല്ല വളരെ വിശദമായ ഒരു കേസ് അന്വേഷണംകൂടി ഈ കാര്യത്തിൽ വേണമെന്നും, ആരെല്ലാം ഇതിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇൻവോൾഡ് ആയിട്ടുണ്ടെന്ന് നോക്കുന്നതിനുവേണ്ടി ക്രൈംബ്രാഞ്ചിനെ ഈ കേസ് ഏൽപ്പിക്കാൻവേണ്ടി ഗവൺമെന്റിനോട് ശുപാർശ ചെയ്യണമെന്നുമടക്കം അവർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഇക്കാര്യം 30-6-2005-ന് ചേർന്ന സിൻഡിക്കേറ്റ് യോഗം വിലയിരുത്തി. സിൻഡിക്കേറ്റ് യോഗം ഈ ശുപാർശകൾ അംഗീകരിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ചരിത്ര വിഭാഗം തലവനെ പെട്ടെന്നുതന്നെ തൽസ്ഥാനത്തുനിന്ന് മാറ്റാൻ തീരുമാനിച്ചു. അജിത്കുമാറിനെ സസ്പെൻഡ് ചെയ്യാനും തീരുമാനിച്ചു. മാത്രമല്ല മറ്റൊരു തീരുമാനം കൂടിയെടുത്തു. ഈ പുരാവസ്തുക്കൾ യഥാവിധി സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കാര്യങ്ങൾ ചെയ്യുന്നതിന് ഏതെല്ലാം കാര്യങ്ങൾ ചെയ്യണമെന്ന് ശുപാർശ ചെയ്യാനും ഡോ. എം. ജി. എസ്. നാരായണനും ഡോ. എസ്. എം. മുഹമ്മദ് കോയയും അടങ്ങുന്ന ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ നമ്മുടെ മാനുസ്ക്രിപ്റ്റ് പോലെയുള്ള സംഗതികൾ, പുരാതന നാണയങ്ങൾ, മറ്റ് പൈതൃക വസ്തുക്കളുടെ പരിപാലനം എന്നിവയെക്കുറിച്ച് പഠിക്കാൻവേണ്ടി മറ്റൊരു കമ്മിറ്റിയെ അവർ നിയോഗിച്ചിട്ടുണ്ട്. ശ്രീ. ടി. സി. വേണുഗോപാല പണിക്കർ, ഡോ. കെ. എൻ. ഗണേശൻ എന്നിവരാണ് ആ രംഗത്ത് ഉള്ളത്. കുറ്റവാളികളായി കണ്ടെത്തിയിട്ടുള്ള ആളുകളുടെ പേരിൽ റസ്പോൺസിബിലിറ്റി തീരുമാനിച്ച് അവരുടെ പേരിൽ നടപടിയെടുത്തിട്ടുണ്ട്. ഗവൺമെന്റിന്റെ തുടർന്നുള്ള അന്വേഷണത്തിൽ ക്രൈംബ്രാഞ്ചിനെ ഉപയോഗപ്പെടുത്താമെന്ന് ശുപാർശയും വരുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഖാദർ ഇവിടെ പറഞ്ഞ വികാരം പൂർണ്ണമായി ഉൾക്കൊള്ളുന്നു. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇക്കാര്യത്തിൽ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട്, യൂണിവേഴ്സിറ്റിയുടെ അന്വേഷണം പോരെങ്കിൽ തീർച്ചയായിട്ടും ഗവൺമെന്റും ഇക്കാര്യത്തിൽ ആവശ്യമായിട്ടുള്ള അന്വേഷണ നടപടികൾ സ്വീകരിക്കുന്നതാണ് എന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: ഭാവിയിൽ ഇതുപോലെയുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും പുരാവസ്തുക്കളെ സംരക്ഷിക്കുന്നതിന് ഉദ്ദേശം വച്ചു കൊണ്ട് Kerala Ancient Monuments and Archaeological Sites and Remains Act 1968-ൽ ആവശ്യമായ ഭേദഗതികൾ വരുത്തി കേരളത്തിലെ ഇതടക്കമുള്ള മുഴുവൻ പുരാവസ്തുക്കളും സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: നിയമവിദഗ്ദ്ധന്മാരുമായി കൂടിയാലോചിച്ച് അക്കാര്യംകൂടി പരിഗണിക്കും.

LIBRARY ARCHIVES Kerala Legislative Assembly